

ലോകത്താഗതരായിട്ടുള്ള എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തത് ഏക ദൈവ വിശ്വാസവും ദൈവപ്രോക്തമായ വിധി വിലക്കുകളോടുള്ള വിധേയത്വവും തന്നെയായിരുന്നു. ബഹു ദൈവ വിശ്വാസവും വിഗ്രഹാരാധനയും പ്രബോധനം ചെയ്ത് ഒരു പ്രവാചകനും ആഗതനായിട്ടില്ല. എല്ലാ പ്രവാചകന്മാരും ഒരേ ദൈവത്താൽ നിയുക്തരായിരുന്നു. എല്ലാവരും പ്രബോധനം ചെയ്തത് ഒരേ ദീനാണ്. പ്രവാചകന്മാരിലൂടെ പ്രബോധനം ചെയ്യപ്പെട്ടതു മാത്രമാണ് ദൈവിക ദീൻ.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ- 23

# അൽ മുഅ്മിനൂൻ

പ്രഥമ സൂക്തത്തിലെ *അൽ മുഅ്മിനൂൻ* എന്ന പദമാണ് ഈ സൂറയുടെ ഔദ്യോഗിക നാമമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. 'സൂറഃ ഖദ്അഫ്‌ലഹ്' എന്നും 'സൂറത്തുൽ ഫലാഹ്' എന്നും പറയാറുണ്ട്. ചിലർ 'സൂറത്തുൽ മുഅ്മിനീൻ' എന്നാണ് വിളിക്കാറുള്ളത്. സത്യവിശ്വാസത്തെ ജീവിതം കൊണ്ട് സാക്ഷാത്കരിക്കുന്നവരുടെ സ്വഭാവചര്യകൾ വിശദീകരിക്കുകയാണ് സൂറയുടെ ആദ്യ സൂക്തങ്ങളെന്നതിനാൽ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നത് കൂടിയാണ് ഈ നാമകരണം.

ഈ സൂറയുടെ അവതരണം മക്കയിലാണെന്ന കാര്യം ഏറക്കുറെ ഏകകണ്ഠമായിതന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. സകാത്തിനെ പരാമർശിക്കുന്ന 4-ാം സൂക്തം ചൂണ്ടിക്കാണിച്ചുകൊണ്ട് സൂറയുടെ അവതരണം മദീനയിലുമാവാം എന്ന് ഒറ്റപ്പെട്ട ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സകാത്ത് നിർബന്ധമാക്കിയത് മദീനയിലാണല്ലോ. ഈ സന്ദേഹം പക്ഷേ പരിഗണിക്കപ്പെട്ടിട്ടില്ല. നിർബന്ധ ദാനം അല്ലാത്ത ദാനങ്ങൾക്കും സകാത്ത് എന്ന പദം ഉപയോഗിക്കുമെന്നും ഖുർആൻ അപ്രകാരം ഉപയോഗിച്ചിട്ടുണ്ടെന്നതും അനിഷേധ്യമാകുന്നു. പ്രസ്തുത സൂക്തത്തിലെ 'സകാത്ത് കൊണ്ടുദ്ദേശിച്ചിട്ടുള്ളത് സാമ്പത്തിക ദാനം മാത്രമല്ല, സംസ്കരണ പ്രവർത്തനങ്ങൾ കൂടിയാണ്' എന്ന് വ്യാഖ്യാനവും അവഗണിക്കാവതല്ല. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യഘട്ടത്തിൽ *സൂറഃ അത്ത്വൂറി*നു ശേഷവും *അൽമുൽകി*നു മുമ്പുമായിട്ടാണ് *അൽ മുഅ്മിനൂൻ* അവതരിച്ചതെന്ന് കരുതപ്പെടുന്നു. മുസ്ഹഫിൽ 22-ാമതായി ചേർത്തിട്ടുള്ള ഈ സൂറഃ അവതരണക്രമമനുസരിച്ച് 76 -ാം സൂറയാണ്.

ഉള്ളടക്കംകൊണ്ട് സൂറഃ *അൽഹജ്ജി*ന്റെ ഇണയും തുണയുമാണീ സൂറഃ. *അൽഹജ്ജ്* സമാപിച്ച വിഷയത്തിലാണ് ഈ സൂറയുടെ തുടക്കം. സത്യവിശ്വാസികൾ അവരുടെ നിയോഗ ദൗത്യം നിർവഹിക്കുന്നതിന് അനിവാര്യമായി അവലംബിക്കേണ്ട ഉപാധികൾ ഓർമിപ്പിച്ചുകൊണ്ടാണല്ലോ *അൽ ഹജ്ജ്* അവസാനിച്ചത്. സത്യവിശ്വാസികൾ സ്വീകരിക്കേണ്ട സ്വഭാവ ചര്യകൾ വർണിച്ചുകൊണ്ടാണ് ഈ സൂറഃ തുടങ്ങുന്നത്. സൂറഃ *അൽ ഹജ്ജ്* പ്രവചിച്ച, സത്യവിശ്വാസികളുടെ വിജയവും നിഷേധികളുടെ പരാജയവും ഈ സൂറഃ കൂടുതൽ വ്യക്തമായും ദൃഢമായും പ്രസ്താവിച്ചിരിക്കുന്നു. ചക്രവാളങ്ങളിലും മനുഷ്യന്റെ തന്നെ അസ്തിത്വത്തിലും വിളങ്ങുന്ന, അതിന്റെ സാക്ഷ്യങ്ങൾ തൊട്ടു കാണിച്ചുകൊടുക്കുന്നു.

മൊത്തം സൂറഃ അനുവാചകരെ തെര്യപ്പെടുത്തുന്ന സംഗതികൾ ഇവയാണ്: മുഹമ്മദീയ പ്രവാചകത്വത്തിനെതിരെ സംശയങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെടുന്നതിൽ അത്ഭുതമൊന്നുമില്ല. അദ്ദേഹത്തിനു മുമ്പ് നിയുക്തരായ പ്രവാചകവര്യന്മാരും ഇത്തരം ആക്ഷേപ ശകാരങ്ങൾക്ക് ശരവ്യരായിട്ടുള്ളതാണ്. പക്ഷേ, അതുകൊണ്ടൊന്നും ആ പ്രവാചകന്മാർ

തളർന്നുപോയിട്ടില്ല. തളർന്നതും തകർന്നതും ആക്ഷേപങ്ങളുന്നയിച്ച സത്യനിഷേധികൾ തന്നെയാണെന്നതിന് ചരിത്രം സാക്ഷിയാകുന്നു.

ലോകത്താഗതരായിട്ടുള്ള എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തത് ഏക ദൈവ വിശ്വാസവും ദൈവപ്രോക്തമായ വിധിവിലക്കുകളോടുള്ള വിധേയത്വവും തന്നെയായിരുന്നു. ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും പ്രബോധനം ചെയ്ത് ഒരു പ്രവാചകനും ആഗതനായിട്ടില്ല. എല്ലാ പ്രവാചകന്മാരും ഒരേ ദൈവത്താൽ നിയുക്തരായിരുന്നു. എല്ലാവരും പ്രബോധനം ചെയ്തത് ഒരേ ദീനാണ്. പ്രവാചകന്മാരിലൂടെ പ്രബോധനം ചെയ്യപ്പെട്ടതു മാത്രമാണ് ദൈവിക ദീൻ.

വ്യക്തികളുടെയും സമൂഹത്തിന്റെയും, സമ്പത്തും സ്വാധീനവും, അതുപോലെ സമുദായത്തിന്റെ സംഖ്യാബലവും സൈനികശേഷിയും മറ്റു ഭൗതിക നേട്ടങ്ങളും അവർ നിലകൊള്ളുന്നത് സത്യത്തിലാണ് എന്നതിനോ, ദൈവത്തിന്റെ ഇഷ്ട ദാസന്മാരാകുന്നു എന്നതിനോ തെളിവാകുന്നില്ല. ദാരിദ്ര്യവും നിസ്സഹായതയും എണ്ണക്കുറവും അനുഭവിക്കുന്നവർ അസത്യത്തിലാണ് എന്നതിന്റെയും, ദൈവം അവരോട് കോപിച്ചിരിക്കുകയാണ് എന്നതിന്റെയും ലക്ഷണങ്ങളാകുന്നില്ല. മനുഷ്യരോടുള്ള അല്ലാഹുവിന്റെ പ്രീതി ബന്ധപ്പെട്ടിരിക്കുന്നത് അവരുടെ മനസ്സിലുള്ള ദൈവഭക്തിയുമായിട്ടാകുന്നു. ഭക്തജനങ്ങൾക്ക് അവൻ വാഗ്ദത്തം ചെയ്തിട്ടുള്ളത് ഭൗതിക നേട്ടങ്ങളല്ല; പാരത്രിക വിജയമാണ്. ഭൗതിക നേട്ടങ്ങൾ അവൻ നിശ്ചയിച്ച പ്രമാണ പ്രകാരം വിശ്വാസികൾക്കും അവിശ്വാസികൾക്കും ശിഷ്ടർക്കും, ദുഷ്ടർക്കും എല്ലാം ലഭിച്ചുകൊണ്ടിരിക്കും.

അന്ത്യപ്രവാചകൻ പ്രബോധനം ചെയ്യുന്ന ദൈവത്തിന്റെ ഏകത്വവും മരണാനന്തര ജീവിതവും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന നിരവധി ദൃഷ്ടാന്തങ്ങൾ മനുഷ്യർക്ക് ചുറ്റും പരന്നു കിടക്കുന്നുണ്ട്. കണ്ണ് തുറന്ന് കാണുകയും മനം തുറന്ന് ചിന്തിക്കുകയും ചെയ്യുന്നവർക്കൊക്കെയും അത് കണ്ടെത്താവുന്നതാണ്. പരലോകത്ത് നേരിടേണ്ടിവരുന്ന വിചാരണ നിസ്സാരമായി തരണം ചെയ്യാവുന്ന ഒന്നായിരിക്കുകയില്ല. അവിശ്വാസികൾ ഇവിടെ പ്രവാചകനെ മനഃപൂർവം തള്ളിപ്പറഞ്ഞതിനും അദ്ദേഹത്തെയും അനുയായികളെയും പീഡിപ്പിച്ചതിനുമെല്ലാം സമാധാനം ബോധിപ്പിക്കേണ്ടിവരും. പ്രതിയോഗികൾ പ്രബോധകരോട് എത്ര ദുഷ്ടമായ സമീപനം സ്വീകരിച്ചാലും പ്രബോധകർ ഏറ്റവും നല്ല രീതിയിൽ വേണം അവരെ പ്രതിരോധിക്കാൻ. അനിയന്ത്രിതമായ കോപവും നശീകരണ വാഞ്ഛയും പ്രതികാര ദാഹവും പൈശാചികമാണ്. അത്തരം വികാരങ്ങൾക്കടിപ്പെടുന്നത് ചെകുത്താന്റെ കുതന്ത്രങ്ങൾക്ക് വഴങ്ങലായിരിക്കും.

---

പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

1. സത്യവിശ്വാസികൾ തീർച്ചയായും സാഫല്യം നേടിയിരിക്കുന്നു;

قَدْ أَفْلَحَ الْمُؤْمِنُونَ ﴿١﴾

**1**

قَدْ أَفْلَحَ = തീർച്ചയായും വിജയിച്ചു(സാഫല്യം നേടിയിരിക്കുന്നു) الْمُؤْمِنُونَ = സത്യവിശ്വാസികൾ

*ഫലാഹി*ൽ നിന്നുള്ള ക്രിയയാണ് أَفْلَحَ . *ഫലാഹി*ന്റെ അർഥം കഴിഞ്ഞ സൂറയിലെ 77-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. സത്യവിശ്വാസം സഫലമാക്കുന്ന വിശ്വാസികളുടെ സ്വഭാവചര്യകൾ വർണിക്കുന്നതിന്റെ മുഖവുരയായിട്ടാണിവിടെ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അതിനെ 'വിജയിച്ചിരിക്കുന്നു' എന്നും തർജമ ചെയ്യാവുന്നതാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നുച്ചരിക്കുന്ന എല്ലാവരെയും പൊതുവിൽ വിശ്വാസി എന്നു വിളിക്കാവുന്നതാണ്. അവരെല്ലാം വിശ്വാസം സാക്ഷാത്കരിച്ചവരോ അതിന്റെ സദ്ഫലങ്ങൾ നേടിയവരോ ആകുന്നില്ല. വിശ്വാസത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കാൻ സന്നദ്ധരാവുകയും കൊടിയ പീഡനങ്ങളും പ്രതിബന്ധങ്ങളും തരണം ചെയ്ത് അതിന്റെ മാർഗത്തിൽ മുന്നേറാൻ ശ്രമിക്കുകയും ചെയ്യുന്ന വിശ്വാസികളെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. സ്വന്തം വ്യക്തിത്വത്തെ സത്യവിശ്വാസത്തിൽ ലയിപ്പിച്ചവരുടെ ജീവിതത്തിലുളവാകുന്ന പരിവർത്തനങ്ങളും സ്വഭാവചര്യകളുമാണ് തുടർന്ന് വർണിക്കുന്നത്. അതിനു വാഗ്ദാനം ചെയ്യുന്ന യഥാർഥ ഫലം മരണാനന്തര ജീവിതത്തിലാണ് ലഭ്യമാവുക. അതാണ് വിശ്വാസികളുടെ ആത്യന്തിക ലക്ഷ്യം. എങ്കിലും ഈ ലോകത്തുതന്നെ ഉണ്ടാകുമെന്ന് മുൻ സൂറഃ വാഗ്ദത്തം ചെയ്ത വിജയ സൗഭാഗ്യങ്ങളും അതിൽ ഉൾപ്പെടുന്നു. ആത്യന്തിക ലക്ഷ്യമായ പറുദീസ മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ. മറ്റു അനുഗ്രഹങ്ങൾ അതിന്റെ കീഴിൽ വരുന്നതാണ്. ■

# ഖുർആൻ ബോധനം

2. അവർ നമസ്കാരത്തിൽ ഭയഭക്തിയുള്ള വരാകുന്നു

ٱلَّذِينَ هُمْ فِى صَلَاتِهِمْ خَٰشِعُونَ ﴿٢﴾

**2**

ٱلَّذِينَ هُمْ = അവർ (ആ വിശ്വാസികൾ)തന്നെയാകുന്നു
فِى صَلَاتِهِمْ = അവരുടെ നമസ്കാരത്തിൽ
خَٰشِعُونَ = ഭയഭക്തിയുള്ളവർ

ഇവിടം മുതൽ 9-ാം സൂക്തം വരെയുള്ള വചനങ്ങൾ ٱلَّذِينَ هُمْ എന്നു പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. 'സാഫല്യം നേടുന്ന വിശ്വാസികൾ എപ്രകാരമുള്ളവരാണോ അവർ' എന്നാണതിന്റെ അർഥം. ٱلَّذِينَ ക്കു ശേഷം വന്ന هُمْ എന്ന സർവനാമപദം, 'തന്നെ' അല്ലെങ്കിൽ 'മാത്രം' എന്ന അർഥത്തെയും കുറിക്കുന്നു. അതായത് യഥാർഥ സത്യവിശ്വാസികൾ ഇപ്പറയുന്ന ഗുണങ്ങളുള്ളവർ തന്നെ യാകുന്നു, അല്ലെങ്കിൽ ഈ ഗുണങ്ങളുള്ളവർ മാത്രമാകു ന്നു.

പരമോന്നതമായ ഒരസ്തിത്വത്തോടുള്ള ഭയവും ആദ രവും എളിമയും വണക്കവും വിധേയത്വവും ആശ്രിതത്വവും എല്ലാം ചേർന്ന മാനസികാവസ്ഥയാണ് خُشوع. നമസ്കാര ത്തിന്റെ ജീവനാണീ മാനസികാവസ്ഥ. മുകളിൽ സൂചിപ്പിച്ച സാഫല്യത്തിനുള്ള പ്രഥമ ഉപാധിയാണ് നമസ്കാരത്തിലെ ഭയഭക്തി- خُشوع. അല്ലാഹുവിന്റെ മുമ്പിൽ മനുഷ്യൻ നടുവ ളയ്ക്കുകയും നെറ്റി മണ്ണിൽ പതിക്കുകയും ചെയ്താൽ മാത്രം പോരാ. അവന്റെ മനസ്സ് അല്ലാഹുവിനോട് ഭയ ഭക്തിനിർഭരമാവുകയും വേണം. ആ ഭയഭക്തിയുടെ സാക്ഷ്യ മാകണം റുകൂഉം സുജൂദും ഖുർആൻ പാരായണവും മറ്റു ദിക്റുകളും. കഴിഞ്ഞ സൂറയുടെ അന്തിമ സൂക്തത്തിൽ പ്രത്യക്ഷ രൂപത്തിലുള്ള നമസ്കാരത്തിന്റെ അനുഷ്ഠാനം- فأقيموا الصّلوة- ആയിരുന്നു കൽപിച്ചത്. നമസ്കാരത്തിന്റെ ആന്തരാത്മാവിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. സർവ ശക്തനായ അല്ലാഹുവിന്റെ മുന്നിൽ നിൽക്കുന്ന എളിയവ നായ അടിമയാണ് താനെന്നും, തന്റെ അകവും പുറവും അവൻ ഒരുപോലെ കാണുന്നുവെന്നുമുള്ള ബോധ ത്തോടെയും അവന്റെ കനിവിനും കാരുണ്യത്തിനും യാചി ക്കുകയാണ് താനെന്ന ബോധത്തോടെയും നമസ്കരിക്കു ന്നവർക്കേ വിശ്വാസത്തെ സഫലീകരിക്കാനാകൂ. മനസ്സിൽ അന്യവിചാരങ്ങൾ നിറയുമ്പോൾ അല്ലാഹു വിസ്മൃതനാകു ന്നു. ഖിബ്‌ലക്ക് തിരിഞ്ഞു നിൽക്കുന്നവരുടെ കണ്ണും കാതും കൈകാലുകളും മനസ്സുമെല്ലാം ചിലപ്പോൾ പല കാര്യങ്ങ ളിൽ വ്യാപൃതമായിരിക്കും. ആദ്യ കാലങ്ങളിൽ സാധാരണ ക്കാർ നമസ്കരിക്കുമ്പോൾ ഇടത്തോട്ടും വലത്തോട്ടും താഴോട്ടും മേലോട്ടുമെല്ലാം തിരിഞ്ഞു നോക്കിയിരുന്നു. കൈകളും മറ്റും അറിഞ്ഞോ അറിയാതെയോ എന്തെങ്കിലു മൊക്കെ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഇതെല്ലാം നമസ്കാ രത്തിന്റെ അച്ചടക്കത്തിനെതിരാകുന്നു. ഇത്തരം ചേഷ്ടകൾ അവസാനിപ്പിക്കാനുള്ള നിർദേശം കൂടിയാണ് ഈ സൂക്തം. خُشوع -ന് രണ്ട് തലങ്ങളുണ്ട്; ബാഹ്യവും ആന്തരികവും. ആന്തരിക തലമാണ് മനസ്സിൽ നിറയുന്ന ഭയഭക്തി. ബാഹ്യ തലം അച്ചടക്കവും വിനയവും പ്രശാന്തിയും സ്ഫുരിക്കുന്ന നിൽപും ശരീര ചലനങ്ങളുമാണ്. ആന്തരിക ഭക്തിയുടെ ലക്ഷണമാണ് ബാഹ്യമായ അച്ചടക്കം. നമസ്കാരത്തിൽ താടിരോമങ്ങൾ തിരുപ്പിടിച്ചുകൊണ്ടിരിക്കുന്ന ഒരാളെ കണ്ട പ്പോൾ നബി(സ) ഇപ്രകാരം പ്രസ്താവിച്ചതായി ഉദ്ധ രിക്കപ്പെട്ടിരിക്കുന്നു: لوخشع قلبه حشعت جوارحه (അയാളുടെ ഹൃദയം ഭക്തിയുള്ളതായിരുന്നുവെങ്കിൽ അവയവങ്ങളും ഭക്തിയുള്ളതാകുമായിരുന്നു). നമസ്കാരത്തിൽ خاشع ആവുക എന്നാൽ നിശ്ചലനും നിശ്ശബ്ദനുമായിരിക്കുകയാ ണെന്ന് മുജാഹിദും സുഹ്‌രിയും പ്രസ്താവിച്ചിരിക്കുന്നു. ഇബ്നു സുബൈറും അബൂബക്റും (റ) നമസ്കാരത്തിൽ കുന്തം പോലെ നിൽക്കുമായിരുന്നുവെന്നും അതാണ് خُشوع എന്നും മുജാഹിദ് പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കു ന്നു. അബൂദർദ്ദാഇൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു: "നമസ്കാര ത്തിൽ തിരിഞ്ഞു നോക്കുന്നത് സൂക്ഷിക്കുവിൻ. തിരിഞ്ഞു നോക്കുന്നവന് നമസ്കാരമില്ല." മനസ്സിൽ ഭയഭക്തി തീണ്ടി യിട്ടില്ലെങ്കിൽ ശരീരത്തിന്റെ അടക്കവും ഒതുക്കവും അച്ചട


**M a t r i m o n i a l**

മുസ്‌ലിം വിധവ (30/153cm). സൗന്ദര്യം, 10,5 വയസ്സുള്ള രണ്ട് കുട്ടികൾ. ടീച്ചർ. ഉയർന്ന സാമ്പത്തികം. മലപ്പുറം ജില്ല. ഭാര്യ നിലവിലി ല്ലാത്തവരിൽ നിന്ന് ആലോചനകൾ ക്ഷണിക്കു ന്നു.

**9744751903**

പ്രസ്ഥാന പ്രവർത്തകന്റെ മകൾ (23/5'3"). എം. ഫാമിന് പഠിക്കുന്നു. എറണാകുളം ജില്ല. ഇട ത്തരം കുടുംബം. അനുയോജ്യരായ പ്രഫഷ ണലുകളിൽ നിന്ന് ആലോചനകൾ ക്ഷണിക്കു ന്നു.

**9048739832**

ക്കവുമൊക്കെ കപട ഭക്തിയാകുന്നു. പ്രവാചകൻ പ്രസ്താവിച്ചതായി അബൂബക്റി(റ)ൽ നിന്ന് തിർമിദിയും ബൈഹഖിയും ഉദ്ധരിക്കുന്നു: "കപട ഭക്തിയിൽ നിന്ന് അല്ലാഹുവിൽ ശരണം തേടുവിൻ. ജനങ്ങൾ ചോദിച്ചു: എന്താണ് ദൂതരേ കപട ഭക്തി? നബി(സ) പറഞ്ഞു: ശരീരത്തിൽ ഭക്തിയും മനസ്സിൽ കാപട്യവുമുണ്ടാവുക." ഇടത്തോട്ടും വലത്തോട്ടും മുന്നോട്ടും പിന്നോട്ടും ആടിക്കൊണ്ടിരിക്കുന്നതും ആവശ്യത്തിലേറെ ഉച്ചത്തിൽ ഖുർആൻ പാരായണം ചെയ്യുന്നതും കോട്ടുവായിടുന്നതും അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതും കൈകാലുകളും വിരലുകളും വൃഥാ ഇളക്കിക്കൊണ്ടിരിക്കുന്നതുമെല്ലാം നമസ്കാരത്തിന്റെ അച്ചടക്കത്തിനെതിരാകുന്നു. മനഃപൂർവം മറ്റു കാര്യങ്ങളാലോചിക്കാൻ പാടില്ല. അനിഛയാ പലതരം ചിന്തകൾ ഉണർന്നുകൊണ്ടിരിക്കുക മനുഷ്യ മനസ്സിന്റെ പ്രകൃതിയാണ്. അങ്ങനെ അന്യ വിചാരങ്ങൾ കടന്നുവന്നാൽ അതേപ്പറ്റി ബോധവാനാകുമ്പോൾ അതിനെ തുടച്ചുനീക്കാനും മനസ്സിനെ ദൈവവിചാരത്തിൽ ഉറപ്പിച്ചു നിർത്താനും ശ്രമിക്കണം. മനസ്സിലെ ഭക്തിയുടെ സാക്ഷ്യമാകണം ബാഹ്യ കർമങ്ങൾ. അല്ലായെങ്കിൽ അത് കപട ഭക്തിയായി മാറും. ■

---

وَٱلَّذِينَ هُمْ عَنِ ٱللَّغْوِ مُعْرِضُونَ ﴿٣﴾

3. കെടുകാര്യങ്ങളിൽ നിന്നകന്നു നിൽക്കുന്നവരാകുന്നു

**3**

وَٱلَّذِينَ هُمْ = അവർ തന്നെയാകുന്നു عَنِ ٱللَّغْوِ = അനാവശ്യങ്ങളിൽ നിന്ന്, കെടുകാര്യങ്ങളിൽ നിന്ന്
مُعْرِضُونَ = അകന്നു നിൽക്കുന്നവർ

لغو -നെയാണ് കെടുകാര്യം എന്നു തർജമ ചെയ്തിരിക്കുന്നത്. അനാവശ്യവും അനർഥവും അനുചിതവും ഉത്തമ സംസ്കാരത്തിനു ചേരാത്തതുമായ എല്ലാ വാക്കുകളും പ്രവൃത്തികളും لغو-ൽ പെടുന്നു. അവഗണിക്കലും അകന്നു നിൽക്കലും തിരിഞ്ഞു പോകലുമാണ് اعراض. അതിന്റെ കർതൃവചനമാകുന്നു معرضون. യഥാർഥ സത്യവിശ്വാസികളെ കെടുകാര്യങ്ങൾ -لغويات- ആകർഷിക്കുകയില്ല, അവർ അതിൽ നിന്നൊക്കെ അകന്നു നിൽക്കും. അത്തരം സന്ദർഭങ്ങളിലും സ്ഥലങ്ങളിലുമെത്തിപ്പെട്ടാൽ മാന്യമായി തിരിഞ്ഞുപോകും. ഇതു സത്യവിശ്വാസികളുടെ സ്വഭാവമായി സൂറഃ *അൽ ഫുർഖാൻ* 72-ാം സൂക്തത്തിലും പ്രസ്താവിച്ചിരിക്കുന്നു. وَإِذَا مَرُّوا۟ بِٱللَّغْوِ مَرُّوا۟ كِرَامًا (കെടുകാര്യങ്ങളിലൂടെ കടന്നുപോകാനിടയായാൽ മാന്യമായി കടന്നുപോകുന്നവരാണവർ). സൂറഃ *അൽ ഖസ്വസ്വ്* 55-ാം സൂക്തത്തിൽ പറയുന്നു:

وَإِذَا سَمِعُوا۟ ٱللَّغْوَ أَعْرَضُوا۟ عَنْهُ وَقَالُوا۟ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ سَلَٰمٌ عَلَيْكُمْ لَا نَبْتَغِى ٱلْجَٰهِلِينَ ﴿٥٥﴾

(കെടുവർത്തമാനങ്ങൾ കേട്ടാൽ അവർ 'ഞങ്ങൾക്കു ഞങ്ങളുടെ ജോലി, നിങ്ങൾക്ക് നിങ്ങളുടെ ജോലി. നിങ്ങൾക്ക് സലാം. അവിവേകികളിൽ ഞങ്ങൾക്ക് താൽപര്യമില്ല' എന്നു പറഞ്ഞുകൊണ്ട് തിരിഞ്ഞുപോകുന്നു). അനാവശ്യവും നിരർഥകവുമായ കാര്യങ്ങളിലുള്ള താൽപര്യം ഈമാനിന്റെ ബലഹീനതയുടെ ലക്ഷണമായി മനസ്സിലാക്കാവുന്നതാണ്. അനാവശ്യ കാര്യങ്ങൾക്ക് ചെലവഴിക്കുന്ന ഓരോ നിമിഷവും ആവശ്യ കാര്യങ്ങൾക്കുള്ള സമയങ്ങൾ നഷ്ടപ്പെടുത്തലാണ്.

തികഞ്ഞ ഉത്തരവാദിത്തബോധമുള്ളവനായിരിക്കണം സത്യവിശ്വാസി. അവന് സമയത്തിന്റെ വിലയറിയാം. അല്ലാഹു നൽകിയ പരീക്ഷാ സമയമാണ് ജീവിതം. മുന്നിലുള്ള ഓരോ നിമിഷവും ഗുരുതരമായ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനുള്ളതാണ്. ആ സമയം ഉത്തരം ആലോചിക്കാനും എഴുതാനും ഉപയോഗിക്കാതെ നിരർഥകമായ കുത്തിവരകൾക്ക് ഉപയോഗിച്ചാൽ ഫലം പരാജയമായിരിക്കും. വിനോദവും തമാശയും ഉല്ലാസവുമൊക്കെ സത്യവിശ്വാസിക്ക് അന്യമാണെന്നല്ല ഇതിനർഥം. അവയും ജീവിതമാകുന്ന ചോദ്യക്കടലാസിലെ ചില ചോദ്യങ്ങൾ തന്നെയാണ്. ആ ചോദ്യങ്ങൾക്ക് അവയുടെ സ്ഥാനത്ത് ഉത്തരം നൽകുകയും വേണം. എന്നാൽ ജീവിതത്തിന്റെ എല്ലാ ചോദ്യങ്ങളുടെയും ഉത്തരം വിനോദവും തമാശയുമല്ല. കളിതമാശകൾക്കുമുണ്ട് അവയുടേതായ അർഥങ്ങൾ. ആ അർഥങ്ങൾ പരിഗണിച്ചുകൊണ്ടും പാലിച്ചുകൊണ്ടുമായിരിക്കണം അതിൽ ഏർപ്പെടുന്നത്.

സംസ്കാര സമ്പന്നവും സംശുദ്ധവുമായ മനസ്സിന്റെ ഉടമയാണ് യഥാർഥ സത്യവിശ്വാസി. സംസ്കാരശൂന്യമായ കർമങ്ങളും കെട്ട വർത്തമാനങ്ങളും അവരുടെ പ്രകൃതിക്കിണങ്ങുകയില്ല. അത് കേൾക്കുന്നതും കാണുന്നതും അവർക്ക് അരോചകമായിരിക്കും. കെട്ട വർത്തമാനങ്ങൾ കേൾക്കേണ്ടിവരാത്ത സാഹചര്യത്തെ അവർ വലിയ സൗഭാഗ്യമായി കരുതുന്നു. അതുകൊണ്ടാണ് സ്വർഗത്തെ 'കെട്ട വർത്തമാനങ്ങൾ കേൾക്കേണ്ടതില്ലാത്ത സ്ഥലം' എന്ന് ഖുർആൻ ആവർത്തിച്ചു വിശേഷിപ്പിക്കുന്നത്. لَّا تَسْمَعُ فِيهَا لَٰغِيَةً ﴿١١﴾ (സ്വർഗത്തിൽ പാഴ്മൊഴികൾ കേൾക്കുകയില്ല-88:11), لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا (സ്വർഗത്തിൽ കെട്ട വർത്തമാനവും കുറ്റപ്പെടുത്തലും കേൾക്കുകയില്ല-56:25), لَّا يَسْمَعُونَ فِيهَا لَغْوًا وَلَا كِذَّٰبًا (സ്വർഗസ്ഥർ കെട്ട വർത്തമാനവും കളവും കേൾക്കുകയില്ല-78:35). ■